

# Eid-ul-Fitr Sermon

Hazrat Khalifatullah Munir. A. Azim (atba)

**24 May 2020**
**01 Shawwal 1441 AH**



## Eid-ul-Fitr Sermon
## ചെറിയ പെരുന്നാൾ ഖുത്തുബ

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എന്റെ എല്ലാ അനുചരന്മാർക്കും ഞാൻ ഈദാശംസകൾ നേരുന്നു. മുഴുവൻ മുസ്ലിം സമൂഹത്തിനും ഞാൻ, ഈദ് ദിനത്തിൽ, പ്രാർത്ഥിക്കുകയും എല്ലാവർക്കും അനുഗ്രഹപ്രദമായ ഈദായിരിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുകയാണ്. ഇൻശാ അല്ലാഹ്!

ഇസ്ലാം **ഈദ്** എന്ന പദം ഉപയോഗിക്കുന്നത് സന്തോഷം പ്രകടിപ്പിക്കുവാൻ വേണ്ടിയാണ്. ഈ ദിനം സമാഗതമാകുന്നത് റമദാൻ മാസത്തെ തുടർന്നാകുന്നു. റമദാൻ മാസം വ്രതാനുഷ്ഠാനത്തിന്റെയും ത്യാഗത്തിന്റെയും മാസമാകുന്നു. നമ്മുടെ നമസ്ക്കാരങ്ങളും ദുആകളും സ്വീകരിക്കപ്പെടുന്ന ദിനമാണ് പെരുന്നാൾ ദിനം. ആയതിനാൽ തന്നെ ഈ ദുആ ചെയ്യേണ്ടതുമാകുന്നു. "അല്ലാഹുവേ! ഈ ദിനം ഞങ്ങളിൽ കൂടുതലായി കൊണ്ടു വരണേമെ! ആമീൻ"!

പ്രസ്തുത ദിനത്തിൽ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അല്ലാഹു(ത)യെ പ്രത്യേകമായ നിലയിൽ പുകഴ്ത്തി വാഴ്ത്തുമായിരുന്നു. അതിരറ്റ സ്നേഹവായ്പോടെ, അത്യുജ്ജ്വലമായ നിലയിൽ!

ചോദിക്കപ്പെട്ട ഒരു ചോദ്യം, എപ്പോഴാണ് ഈദ് ആദ്യമായി ആഘോഷിക്കപ്പെട്ടത്!? എന്നതാണ്. ആദ്യമായി റമദാൻ വ്രതം അനുഷ്ഠിച്ചത് ഹിജ്റ 2-ാം വർഷത്തിലായിരുന്നു. ഇതേ റമദാനിൽ തന്നെയാണ് ആദ്യമായി മുസ്ലിംകൾ ബദ്ർ യുദ്ധത്തിൽ പോരാടേണ്ടി വന്നതും! യുദ്ധക്കെടുതിയിൽ നിന്ന് തീർത്തും മോചിതരാകുന്നതിനു മുൻപുതന്നെ പെരുന്നാൾ സമാഗതമായി. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) വളരെയധികം പരിക്ഷീണനായിരുന്നു പ്രസ്തുത ഈദ് ദിനത്തിൽ! ഹസ്രത് ബിലാൽ (റ)ന്റെ സഹായത്തോടെയാണ്, ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റത്. പ്രവാചകൻ (സ) അദ്ദേഹത്തിൽ ചാരിനിന്നുകൊണ്ടാണ് പെരുന്നാൾ ഖുത്തുബ നിർവ്വഹിച്ചത് എന്ന് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

ഈദാഘോഷത്തിന്, കുറെ ദിവസം മുൻപ് പ്രവാചകൻ(സ) സദഖാത്തുൽ ഫിത്ർ സംബന്ധമായുള്ള പ്രഖ്യാപനം നടത്തുകയുണ്ടായി. സദഖാത്തുൽ ഫിത്ർ എല്ലാ മുസ്ലിംകൾക്കും നിർബന്ധമായി പ്രഖ്യാപിക്കുകയുണ്ടായി. സദഖാത്തുൽ ഫിത്ർ പ്രഖ്യാപനത്തെ തുടർന്ന്, അനുചരന്മാർ പരമാവധി സംഭാവനകൾ ഇതിനായി നല്കുകയുണ്ടായി. അപ്രകാരം സമാഹരിച്ച ധനം ഈദാഘോഷത്തിനു മുൻപായും, അതിനു ശേഷവും സാധുക്കൾക്കിടയിൽ വിതരണം ചെയ്യുകയുണ്ടായി.

മറ്റൊരു സുന്നത്തു ഇപ്രകാരമായിരുന്നു. ഇതേ ഈദ് ദിനത്തിൽ തന്നെയാണ്, അതായത് പരിശുദ്ധ പ്രവാചകൻ (സ) വിശാലമായ, തുറന്ന ഒരു സ്ഥലത്താണ്, പ്രസ്തുത ഈദാഘോഷിച്ചത് എന്നതാണത്. ഹസ്രത് ജാബിർ ഇബ്നു അബ്ദുല്ലാഹ്(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത ദിനത്തിൽ പരിശുദ്ധ പ്രവാചകൻ (സ) നടത്തിയ പ്രസംഗത്തിൽ അല്ലാഹു(ത)യെ മഹത്വപ്പെടുത്തുന്നതിനും, പ്രകീർത്തിക്കുന്നതിനും വളരെ വലിയ ഊന്നൽ നല്കിയിരുന്നു. അസാധാരണമായ നിലയിൽ അല്ലാഹു(ത) യെ മഹത്വപ്പെടുത്തിക്കൊണ്ടിരുന്നു. സ്തുതിച്ചുകൊണ്ടിരുന്നു.

ഈദ് ആഘോഷത്തെ സംബന്ധിച്ച് ജാബിർ(റ) മറ്റൊരു പ്രവാചകവചനത്തിൽ ഇപ്രകാരം പറയുന്നു. അദ്ദേഹം വിവരിക്കുന്നു. ഞാൻ പ്രവാചകൻ (സ)യോടൊപ്പം ഈദ് പ്രാർത്ഥനയിൽ പങ്കുകൊണ്ടു. ഖുത്തുബയ്ക്ക് മുൻപ് അദ്ദേഹം പ്രാർത്ഥനയ്ക്കായി (നമസ്ക്കാരത്തിനായി) നിന്നു. പ്രസ്തുത നമസ്ക്കാരത്തിന് ബാങ്കോ ഇക്കാമത്തോ ഉണ്ടായിരുന്നില്ല.

നമസ്ക്കാരം കഴിഞ്ഞ ഉടൻ തന്നെ പരിശുദ്ധ പ്രവാചകൻ (സ) ബിലാൽ (റ)നെ പിടിച്ച് ചാരി നിന്നുകൊണ്ട് വിശ്വാസികളോട് തഖ്‌വ ഉള്ളവരായിരിക്കുവാൻ ഉപദേശിക്കുകയുണ്ടായി. (ഇതായിരുന്നു ആദ്യത്തെ പെരുന്നാൾ)

അവരുടെ പദവികൾ കാത്തുസൂക്ഷിക്കുവാൻ അവിടുന്ന് അവരെ ഉപദേശിക്കുകയുണ്ടായി. മറ്റു പല ഉപദേശങ്ങളും നല്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം സ്ത്രീകളുടെ ഭാഗത്തേക്ക് പോയി, അവരെയും ഉപദേശിക്കുകയുണ്ടായി.

ഈ ലോക കാര്യങ്ങളുമായി ബന്ധപ്പെടുമ്പോൾ ഒരു അനുചരന് അഥവാ ഒരു ദാസന് നാല് ഗുണങ്ങൾ അവനുണ്ടായിരിക്കണം. ഈ ഗുണങ്ങൾ അവനില്ലാ എങ്കിൽ, അവനെപറ്റി, ഒരാൾ വിഷമിച്ചിട്ടു കാര്യമില്ല. ഒരു പക്ഷേ അവൻ ഈ ഭൂമിയിലെ ഏറ്റവും വലിയ വിദ്യാസമ്പന്നനാണെങ്കിൽ പോലും!

ഏകാധിപതികളുമായുള്ള സൗഹൃദം അവൻ അവസാനിപ്പിക്കണം. നല്ലവരായ ആളുകൾക്ക് അവൻ തീർച്ചയായും മുൻഗണന കൊടുക്കേണ്ടതാണ്. അവരുമായി സൗഹൃദത്തിലായിരിക്കുക. തന്നിഷ്ടക്കാരായ ആളുകളിൽ നിന്നുള്ള അകലം, മതത്തിന് പ്രയോജനകരമായി തീരും. (ഏകാധിപതികൾ, തന്നിഷ്ടക്കാർ, ദുർവൃത്തർ, ഗൂഢാലോചനക്കാർ, കപടവിശ്വാസികൾ) ഇവരുമായുള്ള നിരന്തര സമ്പർക്കം വിശ്വാസ പ്രയാണത്തിനു മേൽ മൂടുപടം ചാർത്തപ്പെടുന്നു. ഇവരെ ഒഴിവാക്കുന്നതിലൂടെ ഒരാൾക്ക് തനിക്ക് കിട്ടാവുന്ന ശിക്ഷയിൽ നിന്നും ഒഴിവാകുവാൻ കഴിയുന്നതാണ്. വിശുദ്ധ വചനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ നിങ്ങളിൽ ശിക്ഷ എത്താതിരിക്കുവാൻ അധർമ്മികളിൽ നിന്ന് അകലം പാലിക്കുക.

സ്വാത്വികരായ ആളുകളുമായുള്ള സൗഹൃദം വിശ്വാസികളായ അനുചരന്മാർക്ക് ഈ ലോകത്ത് പ്രയോജനകരമാകുന്നു. (ഈ

ലോകത്തിലെ താണനിലവാരത്തിൽ കുടിങ്ങിപ്പോയവർക്ക്) കാരണം ദൈവദാസന്മാരുമായുള്ള തുടരെതുടരെയുള്ള കൂട്ടു കെട്ടും അതിലൂടെ നേടുന്ന പ്രയോജനങ്ങളും, അവന് സ്വയം സംരക്ഷണമൊരുക്കുന്നു. അവന് തുടർന്നു സംഭവിക്കാമായിരുന്ന വിപത്തുകളിൽ നിന്ന് അവന് രക്ഷപ്രാപിക്കുവാനും കഴിയുന്നു. അവന്റെ ആത്മീയത ശക്തിപ്പെടുന്നതായി, അവന് അനുഭവവേ ദ്യമാകുന്നു, അങ്ങനെ അവൻ സന്തോഷഭരിതനായി തീരുന്നു, അങ്ങനെ അവൻ തന്റെ വ്യക്തി ജീവിതത്തിൽ സന്തോഷഭരിത നായി തീരുന്നു. തുടർന്ന് അവന്, അതിന്റെ അനുഗ്രഹങ്ങൾ കുറെശ്ശെയായി, അവന്റെ വ്യക്തി ജീവിതത്തിൽ, പ്രകടമാകുന്നു.

ദരിദ്രരായവരെയും, അതായത് അവശ്യസാധനങ്ങളില്ലാത്തവ രെയും രക്ഷിക്കേണ്ടതായിട്ടുണ്ട്. ഒരു ദാസൻ തന്റെ ദൈവം അവന് നല്കിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങളോടും നന്ദി യുള്ളവനായിരിക്കണം. നിങ്ങൾക്ക് ഈ ലോകത്തിലെ ചില വാതി ലുകൾ തുറന്നു നല്കിയിട്ടുണ്ടെങ്കിൽ, അപ്രകാരം നല്കപ്പെടാതെ അടയ്ക്കപ്പെട്ടവരെ സംബന്ധിച്ച് നിങ്ങൾ ചിന്തിക്കുക.

നിങ്ങൾ മനസ്സിലാക്കുക, പണക്കാരെ, പാപങ്ങളെകൊണ്ട് ദൈവം പരീക്ഷിക്കുകയാണ്. അതുപോലെ പാപങ്ങളെ, പണ ക്കാർ മൂലം പരീക്ഷിക്കപ്പെടുന്നു. നിങ്ങളിൽ ചിലർ മറ്റു ചിലർക്ക് പരീക്ഷണങ്ങളാണ്. ചിലരെ കൊണ്ട് മറ്റു ചിലരെ പരീക്ഷിക്കുന്നു എന്ന് സാരം. നിങ്ങൾക്കിത് മനസ്സിലാകുന്നുണ്ടോ?

നിങ്ങളുടെ രക്ഷിതാവ് എല്ലാം കാണുന്നുണ്ട്. ദരിദ്രരിലൂടെ ധനവാന്മാർക്ക് ദൈവീകാനുഗ്രഹം നല്കുന്നു. അതുപോലെ അവർ (ദരിദ്രർ) ധനവാന്മാർക്ക് ആശ്വാസമേകുന്നു. പാരിത്രിക ലോകത്ത് അവരുടെ പാപങ്ങൾ പൊറുക്കപ്പെടുന്നു. ചുരുക്ക ത്തിൽ പണക്കാർ പാവപ്പെട്ടവർക്കും, പാവപ്പെട്ടവർ പണ ക്കാർക്കും പാരത്രിക ലോകത്ത് സഹായികളായി തീരുന്നു, ഇരു ലോകത്തും അവർ സഹായികളായി മാറുന്നു. ദൈവം എല്ലാ ധന ത്തിന്റെയും ഉടമയാകുന്നു. എല്ലാ വാഴ്ത്തലുകൾക്കും അവൻ അർഹനുമാകുന്നു.

സാധുക്കൾ ഇല്ലായിരുന്നുവെങ്കിൽ, പണക്കാരിൽ നിന്ന്, ദാന ധർമ്മങ്ങൾ സ്വീകരിക്കുവാൻ ആരാണുള്ളത്? അവരുടെ ധന ത്തിന്റെ പങ്കുപറ്റാൻ പിന്നാരാണുള്ളത്? എവിടെ പോയി

കണ്ടെത്തും? അതുകൊണ്ടാണ് പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞത്. അനുവദനീയമായ ഒന്നിൽ നിന്നും ഒരാൾ ദാനം ചെയ്താൽ–കാരണം ദൈവം അനുവദനീയമായതു(ഹലാൽ) മാത്രമെ സ്വീകരിക്കുകയുള്ളു–അത് കരുണാവാരിധിയായ ദൈവത്തിന്റെ കരങ്ങളിൽ നല്കിയതുപോലെയാകുന്നു. (അതായത് ദൈവത്തിന്റെ കൈകളിൽ) അങ്ങനെ ആയാൽ അവൻ (അല്ലാഹു) അതിൽ ഫലങ്ങൾ കായ്പിക്കുന്നു. അത് എങ്ങനെയെന്നാൽ നിങ്ങളിൽ ഒരാൾ ഒരു പൊരുത്തിൽ വിരിഞ്ഞ കോഴികുഞ്ഞുങ്ങളെ വളർത്തുന്നതുപോലെ അല്ലെങ്കിൽ ഒരു പറ്റം കഴുതകുട്ടികളെ വളർത്തുന്നതുപോലെ! ചുരുക്കത്തിൽ വായിൽ വെച്ചു കൊടുക്കുന്ന ഒരു കഷണം റൊട്ടി ഒടുവിലത് ഉഹ്ദ് മലയോളം വലിപ്പത്തിലായി തീരുന്നു.

അന്ത്യദിനങ്ങളുടെ അടയാളങ്ങളായി എണ്ണപ്പെട്ടതിൽ ഒരു കാര്യം ദാനധർമ്മങ്ങൾ സ്വീകരിക്കുവാൻ ആളില്ലാതാകുന്നതാണ് എന്നതാണ്! നമസ്ക്കാരത്തെപറ്റി പരിശുദ്ധ പ്രവാചകൻ (സ) പഠിപ്പിച്ചത് ജമാഅത്തായ നമസ്ക്കാരം 25 ഇരിട്ടി പ്രതിഫലദായകമാണെന്നാണ്, മറ്റൊരു വചനത്തിൽ 27 ഇരട്ടി പ്രതിഫലം ലഭിക്കുന്നതാണ് എന്നും പറയപ്പെട്ടിരിക്കുന്നു.

അല്ലാഹു(ത) അവന്റ ദാസന്മാരെ, അവരുടെ വീടുകളിൽ വെച്ച്, നമസ്ക്കരിക്കുവാൻ, പ്രാർത്ഥിക്കുവാൻ അല്ലെങ്കിൽ അവരുടെ കടകളിൽ വെച്ച് പ്രാർത്ഥന നടത്തുവാൻ നിർബന്ധിച്ചിരുന്നില്ലേ? പള്ളികളിൽ വെച്ച് നമസ്ക്കരിക്കൽ ഇനി വലുതായി നടക്കുമെന്നു കരുതുന്നില്ല. പള്ളികളിൽ വെച്ച് മാത്രം നമസ്ക്കരിക്കുക എന്നായിരുന്നു ദൈവവചനമെങ്കിൽ അതിപ്പോൾ പാലിക്കുവാൻ കഴിയാതെ വരുമായിരുന്നു. എന്നാൽ അവൻ പറയുകയുണ്ടായില്ലേ?

ചില വീടുകളിലാണ് (ഒരു പ്രകാശം, ആ ഖുർആനിക അധ്യാപനം) ഉള്ളത്. അവ ഉയർത്തപ്പെടാനും അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാനും അവൻ കല്പിച്ചിരിക്കുന്നു. അവിടെ വച്ച് അവന്റെ നാമം പ്രഭാതങ്ങളിലും, മധ്യാഹ്നങ്ങളിലും, വൈകുന്നേരങ്ങളിലും പ്രകീർത്തനം ചെയ്യുവാൻ കല്പിച്ചിരിക്കുന്നു. മനുഷ്യരുടെ കച്ചവടമോ, വ്യാപാരമോ, ദൈവസ്മരണയിൽ നിന്നും അവരെ വ്യതിചലിപ്പിക്കുന്നില്ല. (24:37)

മാത്രമല്ല, സാധാരണ പ്രാർത്ഥന ഹൃദയങ്ങളെ ഒന്നാക്കി തീർക്കുന്നു. പ്രാർത്ഥന, ഹൃദയങ്ങളെ ഭദ്രമാക്കുന്നു, സുരക്ഷിതമുള്ളതാക്കുന്നു. അത് പരസ്പരം പിന്താങ്ങുന്നു. അതിനുള്ള പ്രേരണ നല്കുന്നു, അതു മാത്രവുമല്ല, അത്, വിശ്വാസികൾ പരസ്പരം കാണുന്നതിനും, ആശയവിനിമയ സൗകര്യത്തിനുമുള്ള അവസരം ഒരുക്കുന്നു.

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. ഈ സമുദായം ഒരുമിച്ചു ചേരുമ്പോൾ, ഓരോ ഹൃദയത്തിലുമുള്ള അനുഗ്രഹങ്ങൾ മറ്റെല്ലാ വിശ്വാസി ഹൃദയങ്ങളിലേക്കും പകർന്നു നല്കുന്നു. അതിലുള്ള പ്രകാശധാര അവർ കണ്ടുമുട്ടുന്ന മറ്റുള്ളവരിലേക്കും വ്യാപരിക്കുന്നു. ഇതാണ് സാമുദായിക ഐക്യദാർഢ്യം. (ഏകസമുദായം) എന്ന ചിന്ത ! ഇത് നമുക്ക് ഒരു സൈന്യത്തോട് താരതമ്യം ചെയ്യാവുന്നതാണ്. പ്രസ്തുത ഐക്യമാണ് വിജയത്തിന്റെ ഉറവിടം! ഇൻശാ അല്ലാഹ് !ഇക്കാര്യം നമുക്ക് ഈ ഖുർആനിക വചനത്തിലൂടെ കൂടുതൽ നന്നായി മനസ്സിലാക്കാവുന്നതാണ്. ഒരുറച്ച സൗധം പോലെ ഒത്തൊരുമിച്ചു നിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുന്നവരെ അല്ലാഹു(ത) സ്നേഹിക്കുന്നു.

ഒടുവിൽ നിങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കേന്ദ്രബിന്ദു ഇതാണ്, അതായത്, വിശ്വാസി ആയിട്ടുള്ളവനെ! എല്ലാ ഹറാമായ കാര്യങ്ങളിൽ നിന്നും നിങ്ങൾ ദൂരപ്പെടുക. നിങ്ങളുടെ വീട്ടിൽ നിന്നും പുറപ്പെട്ടാൽ തിരിച്ചു വീട്ടിൽ എത്തുന്നതുവരെ നിങ്ങൾ എല്ലാവിധ നിഷിദ്ധകാര്യങ്ങളിൽ നിന്നും അകന്നു നില്ക്കുന്നതിന് നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം. ഇതു സംബന്ധമായി നിങ്ങൾ അല്ലാഹു(ത) പറയുന്നത് ശ്രദ്ധിക്കുക. വിശ്വാസികളോടു പറയുക, അവരുടെ കണ്ണുകളെ അവർ താഴ്ത്തിക്കൊള്ളട്ടെ! മനസാ വാചാ കർമ്മണാ പരിശുദ്ധി നേടുക. ഇതാണ് അവർക്ക് ഉത്തമമായിട്ടുള്ളത്.

നിങ്ങളുടെ കാഴ്ചശക്തിയിലൂടെ അവൻ നിങ്ങൾക്ക് നല്കിയ ദൈവീക അനുഗ്രഹം എന്താണെന്നറിയുവാനായി (അവൻ നിങ്ങൾക്ക് രണ്ട് കണ്ണുകൾ നല്കി അനുഗ്രഹിച്ചതിലൂടെ) –നിങ്ങൾ അവന്റെ പ്രപഞ്ചത്തിലേക്ക് കണ്ണുതുറന്നു നോക്കൂ! – എന്നിട്ട് നിങ്ങൾക്ക് അവനോടു കൂറില്ലാത്തവനായിരിക്കുവാൻ

കഴിയുമോ? ധിക്കാരിയായിരിക്കുവാൻ കഴിയുമോ? നന്ദിയില്ലാത്തവനായിരിക്കുവാൻ കഴിയുമോ? (അവനോട്–ദൈവത്തോട് പറയൂ)!

നിങ്ങൾ താഴെപറയുന്ന രണ്ടു വചനങ്ങൾ മനസ്സിൽ സൂക്ഷിക്കുക. നിങ്ങൾ നിങ്ങളുടെ വീടിന്റെ വാതിലിലൂടെ പുറത്തേക്ക് പോകുമ്പോൾ!

1. ഒളിഞ്ഞു മറഞ്ഞുള്ള, ആരുമറിയാതെ ചെയ്യുന്ന നോക്കികാണലുകളെ പറ്റി, അല്ലാഹു(ത) നല്ലതുപോലെ ബോധ്യമുള്ളവനാണ്. ഹൃദയങ്ങളിൽ മറച്ചുവെയ്ക്കുന്നതെല്ലാം അവനറിയുന്നവനാണ്.

2. അല്ലാഹു(ത) എല്ലാം നല്ലവണ്ണം കേൾക്കുന്നവനും, അല്ലാഹു(ത) എല്ലാം നല്ലവണ്ണം കാണുന്നവനുമാകുന്നു.

അതുകൊണ്ട് അല്ലാഹു(ത) നിങ്ങളെ പഠിപ്പിച്ചതിന് വിരുദ്ധമായി നിങ്ങളെന്തെങ്കിലും ചെയ്യുവാനുദ്ദേശിക്കുകയാണെങ്കിൽ അഥവാ അവൻ അനുവാദം നല്കിയതിനപ്പുറം എന്തെങ്കിലും കാട്ടികൂട്ടുകയാണെങ്കിൽ, അറിയുക, അത് അല്ലാഹു കാണുന്നന്നു. ആരൊക്കെയാണ് കണ്ണുകളെ താഴ്ത്തിയതെന്ന് അവന് നല്ലതുപോലെ അറിയാം. ആയതിനാൽ ഓരോരുത്തരും നല്ല ഉദ്ദേശത്തോടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്തതെന്ന് അവന് നല്ലതുപോലെ അറിയാം. അതിനുള്ള പ്രതിഫലവും അവൻ നല്കുന്നതാണ്. തങ്ങളുടെ അഭിരുചികളെ ഇടുങ്ങിയ സ്ഫടികത്തിലൂടെ നോക്കികാണാൻ ശ്രമിച്ചവർക്ക്, അല്ലാഹു(ത) അവരുടെ കാഴ്ചശക്തിയെ വിപുലമാക്കികൊടുക്കുന്നതാണ്. അതായത് മങ്ങിയ കാഴ്ച വലുതാക്കിക്കൊടുക്കുന്നതാണ്. അതായത് ഭൗതികലോകത്തിനേക്കാളും മരണാനന്തര ജീവിതത്തിന് പ്രാധാന്യം, നല്കുന്നവരാണവർ!

ആയതിനാൽ, എന്റെ അഭിപ്രായത്തിൽ, നിരോധിക്കപ്പെട്ട കാര്യങ്ങളിൽ ഒരാൾക്കും തന്നെ, നോട്ടത്തിൽ നിന്ന് പിന്മാറുവാൻ കഴിയുകയില്ല, അതയാളുടെ ഹൃദയത്തിൽ ഉല്പാദിപ്പിച്ചില്ലെങ്കിൽ! സംശയലേശമന്യേ, മധുരതരമായ ഒരു പ്രകാശം അവൻ ആസ്വദിച്ചറിയുക തന്നെ ചെയ്യുന്നതാണ്, അതിലൂടെ മാത്രമെ നിരോധിത പ്രവർത്തിയിൽ നിന്നും പിന്മാറുവാൻ സാധിക്കുകയുള്ളു.

ഈ, ഈദുൽഫിത്ർ ദിനത്തിൽ, ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, മുസ്ലിം ലോകത്ത് എന്താണ് നടക്കുന്നതെന്ന് പൊതുവിൽ പറയേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. അഞ്ച് നേര പ്രാർത്ഥന എത്ര മുസ്ലിംകളാണ് നിർവ്വഹിക്കുന്നത്? വർഷത്തിൽ ഒരിക്കലുള്ള റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം എത്ര മുസ്ലിംകൾ അനുഷ്ഠിക്കുന്നു? നിർബന്ധ സക്കാത്ത് എത്ര മുസ്ലിംകൾ നല്കുന്നു? എത്ര മുസ്ലിംകൾ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നു? ഈ പറയപ്പെട്ട ഇസ്ലാമിക സ്തംഭങ്ങൾ എത്ര മുസ്ലിംകൾ നിഷ്കളങ്കമായ നിലയിൽ നിറവേറ്റുന്നു? അനേകം രാജ്യങ്ങളിലും ദേശീയ അന്താരാഷ്ട്ര രംഗങ്ങളിൽ ലോക്ഡൗൺ കാലയളവിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ചില രാജ്യങ്ങളിൽ ലോക്ഡൗൺ മയപ്പെടുത്തിയിട്ടുണ്ട്, നീക്കം ചെയ്തിട്ടുണ്ട്, എന്നാൽ ഒരു വസ്തുത നിലനില്ക്കുന്നു, അത്തരം ഒരു ദിനത്തിലാണ് ഈ വർഷത്തെ ഈദുൽഫിത്ർ കടന്നു വരുന്നത്. അധികാരികൾ, വിശ്വാസികൾ ഒരുമിച്ച് കൂടുന്നത്, വിലക്കിയിരിക്കുന്നു എന്ന വസ്തുത അവശേഷിക്കുന്നു. തീർച്ചയായും എല്ലാ കാര്യങ്ങളും നമ്മുടെ നിയ്യത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് വിലയിരുത്തപ്പെടുന്നത്.

മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഇതൊരു സുവർണ്ണാവസരമാണ്. കാര്യങ്ങൾ ബോധ്യപ്പെടുവാനും സാധനങ്ങൾ സ്ത്രീകൾക്ക് ലഭ്യമാക്കിക്കൊടുക്കുവാനും, അവർക്ക് ഈദ് നമസ്ക്കാരത്തിൽ പങ്കുകൊള്ളുവാനുമുള്ള ഒരവസരവും ഇതിലൂടെ ലഭ്യമാകുന്നു. എന്നാൽ എത്ര മുസ്ലിംകളാണ് ഈ വിഷയത്തെ സംബന്ധിച്ച് ഗാഢമായി ചിന്തിക്കുന്നത്? സ്ത്രീകൾ, മുസ്ലിംകളിൽ ബഹുഭൂരിപക്ഷവും, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്തുണ്ടായിരുന്ന സുന്നത്തിനെ, അവർ, അവഗണിച്ചു കഴിഞ്ഞിരിക്കുന്നു. അവർക്ക് പള്ളികളിൽ പ്രവേശനാനുമതിയില്ല! എന്നാൽ ഈ ആളുകൾ നബികരീം(സ)യുടെ കാലത്ത് സ്ത്രീകൾ ഈദ് പ്രാർത്ഥനയിലും ഖുത്തുബയിലും പങ്കെടുത്തിരുന്നു എന്നത് മറന്നിരിക്കുന്നു. ബിലാൽ(റ)നോടൊപ്പം പുരുഷന്മാരെ ഉപദേശിച്ച ശേഷം സ്ത്രീകളുടെ ഭാഗത്തേക്ക് നബികരീം(സ)പോവുകയും അവരെ ഉപദേശിക്കുകയുമുണ്ടായി എന്നത് പ്രവാചക വചനങ്ങളുടെ സാക്ഷ്യത്തിൽ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

പുരുഷന്മാരും സ്ത്രീകളും ഇടകലർന്നായിരുന്നില്ല എന്നത് ശരിയാണ്. എന്നാൽ ഇരുകൂട്ടർക്കും പ്രാർത്ഥനയുടെ ഫലങ്ങൾ ലഭ്യമായിരുന്നു. അതുലഭിക്കുവാനുള്ള അവകാശവും അവർക്കുണ്ട്. പുരുഷന്മാർ മുമ്പിലും സ്ത്രീകൾ പുറകിലുമായി ഇത് നിർവ്വഹിക്കാവുന്നതാണ്. അല്ലെങ്കിൽ പള്ളിയിലെ ഒരു ഭാഗത്ത് പുരുഷന്മാർക്കും, മറ്റൊരു ഭാഗം സ്ത്രീകൾക്കുമായി മാറ്റി വെയ്ക്കാവുന്നതാണ്. ജമാഅത്തായ നമസ്ക്കാരം നടത്തുവാൻ ഇരുവിഭാഗത്തിനും അവകാശമുണ്ട്, പ്രതിഫലം നേടുവാനും അവകാശമുണ്ട് എന്നത് വിസ്മരിച്ചു പോകരുത്. ഈദ് നമസ്ക്കാരങ്ങളിലും അതുപോലെ മറ്റു നമസ്ക്കാരങ്ങളിലും! ജമാഅത്തായി നമസ്ക്കരിക്കുവാൻ ഇരുവിഭാഗത്തിനും അവകാശമുണ്ട്. നിങ്ങളോർക്കുക ഒരു സ്ത്രീ അല്ലെങ്കിൽ/ ഒരു പെൺകുട്ടി മുഴുവൻ ആളുകളുടെയും പ്രാതിനിത്യം വഹിക്കുന്നവളാണ്. എന്തുകൊണ്ടെന്നാൽ ഒരു മാതാവാണ് ഒരു കുഞ്ഞിനെ വഹിക്കുന്നത്; ഒരു വിശ്വാസിയെ വഹിക്കുന്നത് അവളാണ്. ഒരു വിശ്വാസിക്കുള്ള പ്രാഥമിക പാഠങ്ങൾ പകർന്നു നല്കുന്നത് അവളാണ്. അവന്റെ പ്രാഥമിക ശിക്ഷണം അവളാണ് നല്കുന്നത്. അതുകൊണ്ട് ദീനീപരമായ എല്ലാ അറിവുകളിൽ നിന്നും ഒരു സ്ത്രീ മാറ്റപ്പെടുകയാണെങ്കിൽ, കാരണം പുരുഷൻ, അവളുടെ മേൽ നടപ്പിലാക്കുന്ന, നിയന്ത്രണങ്ങൾ മൂലം, അവളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ നിന്നും അവർ തടയപ്പെടുകയാണ് ചെയ്യപ്പെടുന്നത്. അവളുടെ ഈ അവകാശം അവൾക്ക് അല്ലാഹു(ത)യും അവന്റെ തിരുദൂതൻ മുഹമ്മദ് മുസ്തഫ(സ)യും അവൾക്ക് നല്കിയതാണ്. ഇതവൾക്ക് ലഭിക്കുന്നില്ലെങ്കിൽ, പിന്നെ എന്തു വിദ്യാഭ്യാസമാണ്, അവൾക്ക് തന്റെ കുട്ടികൾക്ക് പകർന്നു നല്കുവാൻ സാധിക്കുന്നത്?

ഈ ലോക്ഡൗൺ കാലയളവിൽ മറ്റു ചില കാര്യങ്ങൾ കൂടി പറയുവാനുണ്ട്, വാഗ്ദത്ത മസീഹ് (അ)ന്റെ കാലത്ത് ഇതുപോലുള്ള ചില സംഭവങ്ങൾ അരങ്ങേറുകയുണ്ടായി. അന്ന് ഹജ്ജും ഉംറയും പൊതുവിൽ ഉണ്ടായിരുന്നില്ല. ഹജ്ജും ഉംറയും ഇനി പെട്ടെന്ന് പുനഃസ്ഥാപിക്കുന്നത് സംബന്ധമായി ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു മാത്രമാകുന്നു. തീർച്ചയായും അന്ത്യനാളിന്റെ ഒരടയാളങ്ങളിൽപെട്ടതാണ് ഹജ്ജ്

നിർത്തിവെയ്ക്കേണ്ടിവരും എന്നത്! ഈ കാര്യങ്ങളെല്ലാം ചിന്താർഹമായ കാര്യങ്ങൾ തന്നെയാണ്. അല്ലാഹു(ത) നിങ്ങളെ ക്കൊണ്ട് ചിന്തിപ്പിക്കുകയാണ്. അല്ലാഹു(ത) അവൻ തെരഞ്ഞെ ടുത്ത അവന്റെ ദാസനെ നിങ്ങളിലേക്ക് നിയോഗിച്ചിരിക്കുന്നു. നിങ്ങളെ എല്ലാവരേയും ഒരുമിച്ചുകൂട്ടുവാനാണ് അവന്റെ ഖലീ ഫത്തുല്ലാഹ്‌യെ അയച്ചിരിക്കുന്നത്. നിങ്ങൾക്ക് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനം നല്കുന്നതിനായി! ഇസ്ലാമിൽ പ്രവേശി ച്ച, കടന്നുകൂടിയ ചെറിയ തെറ്റുകളും തെറ്റിധാരണകളും തിരുത്തി ശരിയാക്കുന്നതിനായി, നിങ്ങളെ ഒരിക്കൽ കൂടി ശരിയായ ഇസ്ലാ മിലേക്ക് നയിക്കുന്നതിനായി! അല്ലാഹു(ത) പരിശുദ്ധ ഖുർആ നിൽ പറയുന്നു. ഞാൻ ഇന്നേ ദിവസം നിങ്ങളുടെ മതത്തെ പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങളുടെ മേൽ പൂർത്തിയാക്കിയിരിക്കുന്നു. ഞാൻ ഇസ്ലാമിനെ നിങ്ങളുടെ മതമായി തെരഞ്ഞെടുത്തു തൃപ്തിപ്പെട്ട് നല്കിയിരിക്കുന്നു.

ഖുർആനിൽ മറ്റൊരിടത്ത് പ്രസ്താവിക്കുന്നു. അല്ലാഹു(ത) ഖുർആനെ പരാമർശിക്കുന്നത്, വളരെ പരിപാവനമായതും സത്യ മായതുമായാണ്. ഖുർആൻ അല്ലാഹുവിന്റെ വാക്കാണ്. അത് സംരക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. കാലാ തീതമായി സംരക്ഷിക്കപ്പെടുന്ന ഗ്രന്ഥമാണത്! നിശ്ചയമായും നാമാണ് ഖുർആൻ അവതരിപ്പിച്ചത്. നിശ്ചയമായും നാം തന്നെ അത് സംരക്ഷിക്കുകയും ചെയ്യുന്നതാണ്. (മറ്റൊരു വാക്കിൽ പറ ഞ്ഞാൽ ഇതിന് മാറ്റം വരുത്തുന്നതിൽ നിന്നും ജനങ്ങളെ അല്ലാഹു തടയുന്നതാണ്)

നമ്മുടെ മുമ്പിൽ ഉന്നയിക്കപ്പെടുന്ന ഒരു ചോദ്യം ഇതാണ്. എങ്ങനെയാണ് വിശുദ്ധഖുർആൻ സംരക്ഷിക്കപ്പെടുന്നത്? അല്ലാഹു എങ്ങനെ ഈ ഖുർആനെ സംരക്ഷിക്കും? ഇപ്പോൾ നമുക്ക് പണ്ഡിതരെന്നവകാശപ്പെടുന്ന അനേകം പേരെ കണ്ടെത്തുവാൻ കഴിയും. ഇസ്ലാമിൽ വിവിധ വിഭാഗങ്ങളിൽപെട്ട പണ്ഡിതന്മാരെയും കാണാം. അല്ലാഹു(ത) താൻ ചെയ്ത വാഗ്ദാനം സത്യമായി പാലിക്കുന്നവനാകുന്നു. അപ്പോൾ അവൻ അത് നിശ്ചയമായും സംരക്ഷിച്ചിട്ടുണ്ട്. (ഇന്നും) അവൻ സംര ക്ഷിക്കുന്നു, ഇനി സംരക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും. എഴു തപ്പെട്ട പ്രസ്തുത ഗ്രന്ഥം നാശമടയുന്നതിൽ നിന്നും സംരക്ഷിച്ചു

നിർത്തുന്നതാണ്. കാലത്തിനോ, മനുഷ്യരുടെ കൈകടത്തലുകൾക്കോ അതീതമായി സംരക്ഷിക്കപ്പെടുന്നതാണ്, വിശിഷ്യാ, മുസ്ലിംകൾ വെറും നാമമാത്ര മുസ്ലിംകൾ ആയിരിക്കുന്ന കാലത്തും അത് സംരക്ഷിക്കപ്പെടുന്നതാണ്, മുസ്ലിംകൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാത്ത കാലത്തും അത് സംരക്ഷിക്കപ്പെടുന്നതാണ്.

ഞാനൊരു ഉദാഹരണം നിങ്ങളുടെ മുമ്പാകെ വെയ്ക്കുകയാണ്. മുസ്ലിം ലോകം മൊത്തത്തിൽ സൗദിഅറേബ്യയെ ഒരു മാതൃകയായി പറയുന്നത് എന്തുകൊണ്ട്? മുസ്ലിംകൾ മൊത്തത്തിൽ ഈ വിശുദ്ധ പ്രദേശത്തെ അതിയായി ആദരിക്കുന്നു. കാരണം എന്താണ്? ഇവിടെയാണ് നമ്മുടെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഭൂജാതനായത്. അവിടെ നിന്നാണ് അദ്ദേഹം ഒരു സർവ്വലോക പ്രവാചകനായതും! അവിടെ വെച്ചാണ് പരിശുദ്ധ ഖുർആൻ അവതീർണ്ണമായതും! ഇസ്ലാം മതം ജനനം കൊണ്ടത് അവിടെയാണെന്ന് നിങ്ങൾക്കു പറയാം. അവിടെയാണ് പരിശുദ്ധ കഅ്ബ സ്ഥിതിചെയ്യുന്നതും, അവിടെയാണ് ഇസ്ലാമിലെ അഞ്ചാമത്തെ സ്തംഭമായ ഹജ്ജ് കർമ്മം നടത്തുന്നതും പൂർത്തിയാക്കുന്നതും!

ഈ പരിശുദ്ധ സ്ഥലങ്ങളുടെ രക്ഷാധികാരികൾ എന്താണ് ചെയ്യുന്നതെന്ന് സൂക്ഷമതയോടെ നിരീക്ഷിച്ചാൽ, നമുക്ക് മനസ്സിലാകും അവർ ചെയ്യുന്നത് വളരെ നാണക്കേട് ഉണ്ടാക്കുന്ന കാര്യമാണെന്ന്! 2018 ൽ സംഭവിച്ച കാര്യം വളരെ വലിയ അവ മതിപ്പുളവാക്കിയ കാര്യം തന്നെയാണ്; അതേ വർഷത്തിലാണ് അല്ലാഹു(ത) അവന്റെ തെരഞ്ഞെടുത്ത ദാസന് സൗദി അറേബ്യയിൽ പ്രവേശിക്കുവാനുള്ള വഴി ഒരുക്കിയത്, അങ്ങനെ കഅ്ബ ത്വവാഫ് ചെയ്യുകയും ദുആ ചെയ്യുകയും ചെയ്തു. ഉംറ പൂർത്തിയാക്കുകയും ചെയ്തു.

മാനവകുലത്തിനായുള്ള ഈ ഭവനത്തിന്റെ (പരിശുദ്ധ കഅ്ബയുടെ) സമീപത്ത് 5 ദിവസം തങ്ങുവാനുള്ള വമ്പിച്ച അവസരം എനിക്ക് ലഭിക്കുകയുണ്ടായി. മഹാനായ പ്രവാചകൻ(സ)യ്ക്ക് വേണ്ടി പ്രാർത്ഥിച്ചു. അല്ലാഹു(ത)യുടെ അപാരമായ അനുഗ്രഹത്താൽ, അനേകം കാര്യങ്ങൾ നിരീക്ഷിക്കുവാനുള്ള അവസരം അവൻ എനിക്കായി ഒരുക്കി. ഞാനിവിടെ

കണ്ട കാഴ്ചകൾ എന്നെ വളരെയധികം വേദനിപ്പിച്ചു. രക്തക ണ്ണുനീർ ആണ് ഉതിർന്ന് വീണത്. വളരെ വിഷമത്തോടെയാണ് ഞാനിതുപറയുന്നത്. അവിശ്വാസവും ഇസ്ലാമികമല്ലാത്ത കാര്യ ങ്ങൾക്കായുള്ള സഹനതയും ആയിരുന്നു അവരുടെ പരിപാടി യിലുണ്ടായിരുന്നത്. ഇസ്ലാമിനെ എങ്ങനെയാണ് മണ്ണിലേക്ക് ചവിട്ടി മൂടപ്പെട്ടതെന്ന് ഞാൻ കണ്ടു. അവരുടെ പ്രവർത്തന ങ്ങളിലൂടെ അവരത് കാണിച്ചിരിക്കുന്നു. ആളുകൾ വളരെ വലിയ ആഡംബരത്തിൽ കഴിയുന്നു. സമ്പന്നരെല്ലാം ദുർമാർഗ്ഗികളായി മാറിയിരിക്കുന്നു. സുഖഭോഗങ്ങളിലമർന്നിരിക്കുന്നു. ശഹാദ: ആലേഖനം ചെയ്ത സൗദി അറേബ്യയുടെ പതാകയിൽ ഒരു വാൾകൂടി ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഞാൻ കണ്ട സൗദി അറേബ്യ അതാണ്. മറ്റനേകം പതാകകൾക്കൊപ്പം ഈ പതാകയും പാറുന്നു. എവിടെ? **DE CANNES** ആഘോഷവേളയിൽ ! അവിടെ സിനിമകൾ സ്ക്രീൻ ചെയ്യപ്പെടുകയും അവാർഡു കൾ വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നു. ഈ സിനിമ നിർമ്മി ക്കപ്പെട്ടതിന്! **DE CANNES** ആഘോഷവേളയിൽ തങ്ങളുടെ സിനി മകളുടെ അവതരണത്തിനായി സിനിമാനടിമാരുടെ മാന്യതയി ല്ലാത്ത വസ്ത്രധാരണ പ്രകടനവേദിയായി അവിടം മാറുക യുണ്ടായി. സൗദി അറേബ്യാ ഇത്രയും തരംതാണ നിലയിലായി എന്ന് നമ്മുടെ മനസ്സുകൾ ഒരിക്കലും അംഗീകരിക്കുന്നില്ല. മുസ്ലിംകൾ വിശിഷ്യാ, അധികാരത്തിലുള്ളവർ. ഒരു ചെറിയ ലാഭ ത്തിനു വേണ്ടി അവർ ഇസ്ലാമിനെ വില്ക്കുകയാണ്.

നമുക്കറിയാം, യൂറോപ്യൻ സംസ്ക്കാരം അമിതമായ സ്വാതന്ത്ര്യം അനുവദിക്കുന്നു. അവർ എന്തുചെയ്യുവാൻ ആഗ്ര ഹിക്കുന്നുവോ അതവർക്ക് ചെയ്യുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. അതവരുടെ പെരുമാറ്റ രീതികളിൽ പ്രകടമാകുന്നു. പൊതുജന ങ്ങളുടെ ആകർഷണം തങ്ങളിലേക്ക് ലഭിക്കുന്നതിന് അവ രെന്തും ചെയ്യുന്നു. ആയതിനാൽ, ഈ അമിതമായ സ്വാതന്ത്ര്യം അവരെ മ്യൂസിക് മേളകളിലേക്കും, അവാർഡ് ചടങ്ങുകളിലേ ക്കും, വാലന്റീൻസ് ഡേയ്ലേക്കും അങ്ങനെയുള്ള പലതി ലേക്കും അവർ എത്തിച്ചേർന്നിരിക്കുന്നു.

ഇത്തരം ആളുകൾ ഇസ്ലാമിനെ പ്രതിനിധീകരിക്കുന്നു എന്നത് നമ്മെ ഞെട്ടിക്കുകയാണ്. ഇത്തരം സഭ്യതയില്ലാത്ത

പരിപാടികൾക്ക്, നമ്മുടെ പരിശുദ്ധ പ്രദേശം ഉപയോഗിക്കുന്നു എന്നത്, അവരുടെ വ്യക്തിപരമായ താത്പര്യം ഒന്നുകൊണ്ടു മാത്രമാണ്. നിയമവിധേയമല്ലാത്ത ഒരു സ്ഥലത്ത് വെച്ച് എല്ലാതരം ഫീലിമുകളും സ്ക്രീൻ ചെയ്യപ്പെടുന്നു. അങ്ങനെ സൗദിഅറേബ്യയിലും ആദ്യമായി ഇത്തരം സഭ്യേതരമായ പ്രവർത്തി കൾക്ക് വേദി ഒരുക്കപ്പെട്ടിരിക്കുന്നു. വളരെ മോശ മായ ഒരു ഷോർട്ട് ഫിലിമിന് ഇവിടം വേദിയായിരിക്കുന്നു. ഇത്തരം പ്രവർത്തികൾ ഉമ്മത്തിന് യാതൊരു ക്രിഡിറ്റും കൊണ്ടു വരുന്നതല്ല എന്ന തിരിച്ചറിവുണ്ടാകേണ്ടതാണ്.

അല്ലയോ, മുസ്ലിംകളെ! വിശ്വാസം, ഈമാൻ അവമതിക്കപ്പെ ട്ടിരിക്കുന്നു. എന്നാൽ നിങ്ങൾ ഈ ജന്തുക്കളുടെ ശവം ഒഴിവാ ക്കുന്നില്ല. അതാണീ ലോകം! നിങ്ങൾ ഇസ്ലാമിന്റെ ശത്രുക്കൾക്ക് അവസരം നല്കുകയാണ്, ഇസ്ലാമിനെ ആക്രമിക്കുവാൻ! മര ണത്തെക്കുറിച്ച് ചിന്തിക്കുക, അത് സമീപത്തായിരിക്കുന്നു. അല്ലയോ അജ്ഞന്മാരെ! ഇസ്ലാമിനെ കയ്യൊഴിയുവാൻ നിങ്ങൾക്കിനി എത്രനാൾ കഴിയും! ഹറാമായ ധനം ഹറാമായ വഴികളിലൂടെ നിങ്ങൾ ഒരുപാട് നേടിക്കഴിഞ്ഞു. ഇതൊരു ചവിട്ട് പടിയായി കാണുക. സത്യനിഷേധികൾ പ്രവർത്തിക്കുന്നതു പോലെ നിങ്ങൾക്കിനി എത്രനാൾ പ്രവർത്തിക്കുവാൻ കഴിയും. നാണമില്ലാത്ത സ്ത്രീകളോടൊപ്പം നിങ്ങൾക്കിനി എത്ര നാൾ അഴിഞ്ഞാടാൻ സാധിക്കും. നിങ്ങളുട ഭാര്യമാർ, അവർ സ്വാത്വി കരും, നല്ലവരും ആയിരിക്കെ, അവരെ നിങ്ങൾ പാർശ്വവൽക്ക രിച്ചിട്ട്, ചവിട്ടിമെതിച്ചിട്ട്, അവർ അറിവ് നേടുന്നതിൽ നിന്നും, നിങ്ങൾ അവരെ തടസ്സപ്പെടുത്തിയിട്ട്, ദീനുൽ ഇസ്ലാം അനുസ രിച്ച് പ്രവർത്തിക്കുവാൻ അനുവദിക്കാതെ, ഇനി നിങ്ങൾക്ക് എത്രനാൾ മുന്നോട്ടു പോകുവാൻ കഴിയും? ഇസ്ലാമിന്റെ അധ്യാ പനങ്ങളെ നിങ്ങൾക്കിനി എത്രനാൾ ചവിട്ടിമെതിക്കുവാൻ സാധിക്കും? എത്രനാൾ നിങ്ങൾക്കതിനെ ഇല്ലായ്മ ചെയ്യുവാൻ സാധിക്കും?

അതുമാത്രമല്ല, അറബികൾ മാത്രമല്ല, ഇസ്ലാമികമല്ലാത്ത നില യിൽ പ്രവർത്തിക്കുന്നത്, മറിച്ച് വാഗ്ദത്തമസീഹ്, ഹസ്രത് മിർസാഗുലാം അഹ്മദ്(അ) ന്റെ ജമാഅത്തിന്റെ തലപ്പത്തിരിക്കു ന്നവരും ഇസ്ലാമികമല്ലാത്ത നിലയിൽ വർത്തിക്കുന്നു. അവരും

ഭയാനകമായ അധമതയിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. അവരും ഫിലിമുകൾ പ്രൊഡ്യൂസ് ചെയ്യുകയും, ഇസ്ലാമിന് വിരുദ്ധമായ എല്ലാ പ്രവർത്തനങ്ങളിലേക്കും പ്രവേശിച്ചിരിക്കുകയുമാണ്. നമ്മുടെ പ്രിയപ്രവാചകൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യും വാഗ്ദത്ത മസീഹ് (അ)യും നമ്മെ പഠിപ്പിച്ച എല്ലാ അധ്യാപനങ്ങൾക്കും എതിരായി അവരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത് അവരു മറ്റു മുസ്ലിംകളെപോലെ ആയി തീർന്നിരിക്കുന്നു. (അവരുടെ പ്രവർത്തനങ്ങളിൽ) കഴിഞ്ഞ കാലങ്ങളിൽ അവർ (അഹ്മദിയ്യാ മുസ്ലിംജമാഅത്ത്) മറ്റു മുസ്ലിംകളെ വിമർശിച്ചിരുന്നു. എന്നാൽ ഇന്ന്, അല്ലാഹു(ത)യുടെ മറ്റൊരു ദൂതൻ വന്നപ്പോൾ–പുതിയ ശരീഅത്തില്ലാത്ത പ്രവാചകൻ– അവരിൽ വന്നപ്പോൾ സാധാരണ മുസ്ലിംകളെ പോലെ അധമതയുടെ ആഴങ്ങളിലേക്ക് പതിക്കുകയാണുണ്ടായത്. അവരുടെ ദീനിനും വിശ്വാസത്തിനും ഉപരിയായി, അവർ ഇഹലോകത്തെ കണ്ടു. അവരുടെ മേൽ ഈ ലോകം സ്വാധീനമുറപ്പിച്ചു. അവരുടെ മതം ഇഹലോഹമായി തീർന്നു. അവർ പലരീതിയിലുള്ള ശിർക്കിൽ അകപ്പെട്ടു കഴിഞ്ഞു. ശിർക്ക് എന്നത് മാർബിളിൽ നിർമ്മിച്ച വിഗ്രഹം മാത്രമല്ല; അല്ലെങ്കിൽ സിമന്റിലോ തടിയിലോ നിർമ്മിച്ച വിഗ്രഹം മാത്രവുമല്ല, എന്നിട്ട് അതിനെ ആരാധിക്കുക എന്നതു മാത്രവുമല്ല, അല്ലാഹുവിനും അവന്റെ ദീനിനും ഉപരിയായി മറ്റേതിന് നിങ്ങൾ മുൻഗണന കൊടുത്താലും അതെല്ലാം ശിർക്ക് തന്നെയാണ്!

ഈ സന്ദർഭത്തിൽ, ഇൻഡ്യയിലെ തമിഴ്നാട്ടിലുള്ള , കോയമ്പത്തൂർ എന്ന സ്ഥലത്തുള്ള എന്റെ ഒരു പ്രിയ ശിഷ്യൻ കഴിഞ്ഞ വ്യാഴാഴ്ചയോ, വെള്ളിയാഴ്ചയോ കണ്ട ഒരു സ്വപ്നത്തെ പറ്റി ചുരുക്കി പറയുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. അദ്ദേഹത്തിന്റെ പേര് മുഖ്ത്താറുദ്ദീൻ സാഹിബ് എന്നാകുന്നു. അദ്ദേഹം കണ്ട സ്വപ്നം താഴെ വിവരിക്കുന്നു.

അദ്ദേഹം വലിയ വിശാലമായ ഒരു പള്ളിയിൽ പ്രവേശിച്ചു. അത് ഒരു അഹ്മദിയ്യാ പള്ളിയാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. ജമാഅത്തായുള്ള നമസ്ക്കാരത്തിനായി ആളുകൾ കാത്തിരിക്കുകയാണ്. (നമസ്ക്കാരം ആരംഭിക്കുന്നതു കാത്തിരിക്കുകയായിരുന്നു) അതിൽ കൂടുതൽ പേരും അഹ്മദി മുല്ലാക്കളായി

രുന്നു. അവരെല്ലാവരും നമ്മുടെ ജമാഅത്തിന് (ജമാഅത്തുസ്സ ഹീഹിൽ ഇസ്ലാമിന്) എതിരായിരുന്നു. അതിലൊരാൾ അദ്ദേ ഹത്തെ ജമാഅത്തായുള്ള നമസ്ക്കാരത്തിനായി അവരോടൊപ്പം ചേരാൻ ക്ഷണിച്ചു. എന്നാൽ മുഖ്താറുദ്ദീൻ സാഹിബ് അത് നിര സിച്ചു. എന്നിട്ടവരോട് അദ്ദേഹം പറഞ്ഞു. ഞാൻ ശിർക്ക് ചെയ്യു ന്നവരോടൊപ്പം നമസ്ക്കരിക്കുകയില്ല എന്ന് പറയുകയുണ്ടായി. അപ്പോൾ അവരിൽ കൂടുതൽ പേരും അദ്ദേഹത്തോട് രോഷാ കുലരായി. അദ്ദേഹത്തെ ശപിച്ചു. അവരിൽ ആരും തന്നെ അദ്ദേ ഹത്തോട് സലാം പറയുവാനും മടക്കുവാനും തയ്യാറായില്ല. അപ്പോൾ അദ്ദേഹം കരുതി, ഇതൊരു വിഷമസന്ധിതന്നെ. അതി നുശേഷം അദ്ദേഹം ഒരു ശബ്ദം ഉപരിഭാഗത്തു നിന്നും കേൾക്കു കയുണ്ടായി. പള്ളിയുടെ മിനാരത്തിൽ നിന്നുമാണ് പ്രസ്തുത ശബ്ദ വീചികൾ എത്തിയത് എന്ന് തോന്നുകയുണ്ടായി. പ്രസ്തുത ശബ്ദം അദ്ദേഹത്തോട് പറയുന്നു. അല്ലാഹു(ത) അവന്റെ സലാം അദ്ദേഹത്തിന്റെ മേൽ അയയ്ക്കുന്നു എന്ന്.

അല്ലാഹു അക്ബർ! അപ്പോൾ നോക്കൂ! സംരക്ഷണവാ ഗ്ദാനം അവിടെ നിലനില്ക്കുന്നു. അതോടൊപ്പം അല്ലാഹുവിന്റെ സാന്നിധ്യം കാണിക്കുന്നത്, അവൻ(അല്ലാഹു) അവന്റെ(അല്ലാ ഹുവിന്റെ) ദാസന്മാരോടൊപ്പമുണ്ടെന്നാണ്. ആരാണോ അവന്റെ ദൂതനെ അംഗീകരിച്ചത്, അവന്റെ ദൃഷ്ടാന്തങ്ങളെ അംഗീകരിച്ചത്, അവന്റെ സന്ദേശങ്ങളെ അംഗീകരിച്ചത്, അവ രോടൊപ്പം അല്ലാഹു ഉണ്ട്! വിശുദ്ധഖുർആനിലും, വിശുദ്ധ റസൂൽ (സ)യുടെ വചനങ്ങളിലും തറപ്പിച്ച് പറഞ്ഞിട്ടുള്ള കാര്യ മാണ് മുജദ്ദിദുമാരുടെ ആഗമനത്തെ സംബന്ധിച്ച്! അവർ ഓരോ നൂറ്റാണ്ടിലും വരുന്നതാണെന്ന്! ഓരോ നൂറുവർഷം പിന്നിടു മ്പോഴും അത് പ്രതീക്ഷിക്കാവുന്നതാണ്. (അബൂദാവൂദ്-കിതാ ബുൽ ഫിത്ർ)

അല്ലയോ മുസ്ലിംകളെ! ഉമ്മത്തിന്റെ സംരക്ഷണ വാഗ്ദാനം പിന്തിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇല്ല! ആവശ്യാനു സരണം അത് നിറവേറ്റപ്പെടുക തന്നെ ചെയ്യും. മറ്റൊരു രീതി യിൽ പറഞ്ഞാൽ അല്ലാഹു(ത) എപ്പോഴാണോ അവന്റെ ദൂതനെ അയയ്ക്കാൻ ഉദ്ദേശിക്കുന്നത്, അപ്പോൾ അയയ്ക്കും! അതിന്റെ ആവശ്യകത അറിയുന്നവൻ അവൻ മാത്രമാണ്. ഇസ്ലാം അപക

ടത്തിലാകുന്നത് എപ്പോഴാണോ അപ്പോൾ അയയ്ക്കും. എപ്പോഴാണോ മുസ്ലിംകളുടെ ആത്മീയ അവസ്ഥ ശോചനീയമാകുന്നത്, അപ്പോൾ അയയ്ക്കും! പരിഷ്കർത്താവിന്റെ ആവശ്യകത എപ്പോഴാണ് വേണ്ടത് എന്നത് അവനാണ് നിശ്ചയിക്കുന്നത്! അത്തരം സന്ദർഭങ്ങളിൽ, ഇസ്ലാമിന്റെ ശത്രുക്കൾ ശക്തരായി തീരുന്നതാണ്. അവർ ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരിൽ, സുസംഘിടതരായി ദുഷ്ടലാക്കോടെ അവരുടെ നിന്ദ്യപദ്ധതികളുമായി, അവരുടെ നൂതന മ്ളേച്ഛ പദ്ധതികളുമായി, അവരുടെ തൂലികാ ശക്തിയിലൂടെയും, അവർ നിരന്തരം ഇസ്ലാമിനെതിരിൽ രംഗത്തു വരുന്നതാണ്.

അല്ലയോ മുസ്ലിംകളെ! നമ്മുടെ മുസ്ലിം സഹോദരീ സഹോദരന്മാർ എങ്ങനെയാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് നോക്കൂക. ലോകമെങ്ങും മുസ്ലിംകൾ പീഡനവിധേയരാക്കപ്പെടുന്നത് നിങ്ങൾ കാണുന്നില്ലേ? മ്യാമർ(ബർമ) മുസ്ലിംകൾ അനുഭവിക്കുന്ന പീഡനങ്ങൾ! –രോഹിന്ത്യാ മുസ്ലിംകൾ–ബർമീസ് പട്ടാളക്കാരുടെ കരങ്ങളിലൂടെ അവർ എങ്ങനെയാണ് പീഡിപ്പിക്കപ്പെട്ടതെന്ന് നിങ്ങൾ കാണുന്നില്ലേ?(മരണദണ്ഡനകൾ, ബലാൽസംഗങ്ങൾ, യാതനപ്പെടുത്തിക്കൊല്ലൽ, നാടുകടത്തൽ) മുസ്ലിംകൾ അനുഭവിക്കുന്ന പീഡനങ്ങൾ, കാശ്മീരിൽ, പലസ്തനീനിൽ, ഇറാഖിൽ ഏറ്റവും ഒടുവിൽ ചൈനയിൽ, ലോകത്തിലെ ഏറ്റവും വലിയ ജയിൽ അവിടെ 10 ലക്ഷത്തിലധികം മുസ്ലിംകൾ തടവിലാക്കപ്പെട്ടു, അവരുടെ പള്ളികൾ തകർക്കപ്പെട്ടും, നിർബന്ധിച്ച് അവരുടെ ദാടികൾ ഷേവ് ചെയ്യപ്പെട്ടു. അവരുടെ ഭാര്യമാരെയും പുത്രിമാരെയും ബലാൽസംഗത്തിന്നിരയാക്കപ്പെട്ടു. പന്നിമാംസം തീറ്റിക്കപ്പെട്ടു. റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം നിരോധിക്കപ്പെട്ടു, തടയപ്പെട്ടു. ചുരുക്കത്തിൽ അവരുടെ ഇസ്ലാമികമായ എല്ലാ വിശ്വാസങ്ങളെയും തൃജിക്കുവാൻ അവർ നിർബന്ധിക്കപ്പെട്ടിരിക്കുന്നു.

കാശ്മീരിലും എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾ നോക്കി കാണുക. അവിടെ ഇൻഡ്യാ ഗവൺമെന്റ് അവരുടെ അവകാശങ്ങളെ എടുത്തു കളഞ്ഞു. ഇൻഡ്യൻ പട്ടാളം അവരെ ഗൺ കൊണ്ടാണ് നേരിട്ടത്. അവരെ വെടിവെച്ചിടുന്നു. അനേകർ മരണപ്പെട്ട്, അനേകർ പീഡനവിധേയരാക്കപ്പെട്ടു. ഇപ്പോഴും

പ്രസ്തുത പീഡനം തുടർന്നുകൊണ്ടിരിക്കുന്നു. പലസ്തീനിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്നു നോക്കൂ! കൂടുതൽ കൃത്യമായി പറഞ്ഞാൽ ഗാസയിൽ! ഇസ്റായീൽ പട്ടാളം ആയിരകണക്കിന് പലസ്തീനികളെ വെടിവെച്ച് കൊന്നുകൊണ്ടിരിക്കുന്നു. ഇസ്റായീൽ പട്ടാളം അവരുടെ മേൽ അതികഠിനമായ ക്രൂരതയാണ് കാട്ടിക്കൊണ്ടിരിക്കുന്നത്. അവർ ചെയ്തു കൊണ് ടിരിക്കുന്നത് അക്രമം തന്നെയാണ്. ശ്രീലങ്കയിൽ എന്താണ് സംഭവിച്ചതെന്നു നോക്കുക. അവിടെയും മുസ്ലിംകൾ പീഡനവിധേയരാക്കപ്പെടുന്നു. അവരുടെ വ്യാപാര സമുച്ചയങ്ങളും വീടുകളും അഗ്നിക്കിരയാക്കപ്പെടുന്നു. ഇൻഡ്യയിൽ എന്താണ് സംഭവിക്കുന്നതെന്നു നോക്കൂ! സമ്പൂർണ്ണമായും ഒരു ഹിന്ദു രാഷ്ട്രമാക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ മുസ്ലിംകൾ പീഡനവിധേയരാക്കപ്പെടുന്നു. ഇൻഡ്യൻ അധികാരികൾ നിഷ്ഠൂരമായ പ്രവർത്തിയാണ് തുടരുന്നത്. ഇൻഡ്യയിൽ മുസ്ലിം സഹോദരി സഹോദരന്മാർക്ക് ഇത് പീഡനകാലം തന്നെയാണ്. അവർ വളരെ മോശം സാഹചര്യത്തിലൂടെയാണ് കടന്നുപൊയ്ക്കൊ ണ്ടിരിക്കുന്നത്. ലോകമുസ്ലിംകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ നാം നോക്കി കാണുമ്പോൾ, മുസ്ലിംകൾ അനുഭവിക്കേണ്ടി വരുന്ന യാതനകൾ നമ്മെ ദുഃഖഭരിതരാക്കുന്നു. ഈ കാര്യങ്ങളൊക്കെ ഞാൻ വിവരിക്കുകയാണെങ്കിൽ അത് വളരെ ദൈർഘ്യമുള്ളതായി പോകും.

ഈദുൽ ഫിത്ർ പ്രസംഗവും വളരെ നീണ്ടു പോകും. ആയതിനാൽ ഞാൻ ചില കാര്യങ്ങൾ ചൂണ്ടി കാണിച്ചു എന്നുമാത്രം. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ സമുദായം ചിന്തിക്കുവാനും, സ്വയം സംസ്ക്കരിക്കുവാനും അങ്ങനെ മുസ്ലിംകൾ അവരുടെ സ്വഭാവത്തെ സംസ്ക്കരിക്കട്ടെ! മറ്റുള്ളവർ താഴ്ന്നവരാണെന്ന് കരുതരുത്. മറ്റുള്ളവരുടെ വിശ്വാസത്തിന്റെ വിധി നിങ്ങൾ പറയണ്ട! നിങ്ങൾക്കാവശ്യമുള്ളത് നിങ്ങളെടുക്കുക, നിങ്ങളുടെ പ്രവർത്തികൾ നിങ്ങൾക്കുള്ളതാണ്, നിങ്ങളുടെ വിശ്വാസം നിങ്ങൾക്കുള്ളതാണ്. മറ്റുള്ളവർ വിശ്വാസികൾ അല്ല എന്ന് നിങ്ങൾ വിധിക്കണ്ട! കാരണം നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾക്കുള്ളതാണ്. നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങൾ നന്നാക്കിയില്ലെങ്കിൽ, അത്, വിപരീത ഫലം ഉളവാക്കും. നിങ്ങളുടെ

മോശം സ്വഭാവങ്ങൾ, അതു മുഴുവൻ ഉമ്മത്തിനും ചീത്തപ്പേര് ഉണ്ടാക്കിത്തീർക്കും.

ഇത്തരം സാഹചര്യങ്ങളിൽ, മുസ്ലിം ലോകം യാതനകളിൽ ഉഴലുകയാണ്. പീഢന വിധേയരാക്കപ്പെട്ട നമ്മുടെ സഹോദരീ സഹോദരന്മാർക്കായി നാം അധികമധികമായി ദുആ ചെയ്യുക. അവരുടെ ജീവിതത്തിലെ അതികഠിനമായ ഒരു സാഹചര്യത്തെയാണ് അവർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.അവരുടെ ജീവിതം തന്നെ ഭയപ്പാടിലാണ്, മുസ്ലിംകൾ എന്ന അവരുടെ അന്തസ്സിനെയും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. അതിയാതനകളിലകപ്പെട്ടു കഴിയുന്ന മുസ്ലിംകളുടെ അവസ്ഥയിലേക്ക് നിങ്ങളൊന്നു നോക്കൂ! മറുവശത്ത് മുസ്ലിം രാജ്യങ്ങൾ അനുഭവിക്കുന്ന സുഖലോലുപതയും, വിനോദോപാധികളും! കാണുന്നുണ്ടോ? വിശിഷ്യാ സൗദി അറേബ്യാ! നോക്കൂ! എങ്ങനെയാണ് സൗദികൾ (അധികാരത്തിലുള്ളവർ) ഇസ്ലാമിന്റെ അധ്യാപനങ്ങളെ ചവിട്ടിമെതിക്കുന്നതെന്ന്! എന്നിട്ട്, വേദന അനുഭവിക്കുന്ന, പീഢനങ്ങൾ ഏറ്റുവാങ്ങുന്ന, പാപപ്പെട്ട മുസ്ലിം സഹോദരീ സഹോദരന്മാരുടെ നേരെ അവർ കണ്ണടയ്ക്കുന്നു. അവർ ചെവികേൾക്കാത്തവരും, കണ്ണ് കാണാത്തവരുമാകുന്നു. ഇതൊന്നും അവർ പരിഗണിക്കേണ്ട കാര്യമല്ലെന്ന് ധരിക്കുന്നു. അവർക്ക് വളരെയധികം പണം ലഭിച്ചു കൊണ്ടിരിക്കുന്നിടത്തോളം കാലം, അവർക്ക് മുസ്ലിംകളുടെ വിധിയെകുറിച്ച് പരിഗണിക്കേണ്ടതില്ല. അവർ പണത്തിന്റെ പിന്നിലാണ്! മോശം ആദരവിന്റെ പുറകിലും! അവർ വിനോദിച്ചുകൊണ്ടിരിക്കുന്നു. അവർ ഇസ്ലാമിന്റെ ശത്രുക്കൾക്കായി വളരെയധികം പണം ചെലവഴിച്ചു കൊണ്ടിക്കുന്നു.

ഇത്തരം സാഹചര്യത്തിൽ, ഒരു പരിഷ്കർത്താവിന്റെ ആവശ്യകത അല്ലാഹു(ത) മനസ്സിലാക്കി, മുസ്ലിംകൾക്കായി ഒരു പരിഷ്ക്കർത്താവിനെ അവൻ നിയോഗിച്ചു. ഇസ്ലാമിന്റെ ശത്രുക്കളോട് പോരാടുവാനായിട്ടു മുസ്ലിംകൾക്ക് ഇസ്ലാമിനോടുള്ള സ്നേഹവും ഭക്തിയും ബോധനം നല്കുന്നതിനായി!

നമുക്ക് നമ്മുടെ പ്രിയ പ്രവാചകൻ(സ) പറയുന്നതുപോലെ പറയാം. എന്റെ രക്ഷിതാവേ! സത്യമായും എന്റെ ജനത ഈ ഖുർആനെ അവഗണിച്ചു കളഞ്ഞു.

ഇത്, ഇന്നത്തെ മുസ്ലിംകളുടെ സത്യമായ ചിത്രമാണ്. ബുദ്ധിപരമായും ആത്മീയമായും ഇതുതന്നെയാണ് അവരുടെ അവസ്ഥ. ഇന്നത്തെ മുസ്ലിംകൾ വിശുദ്ധഖുർആനെ തള്ളികളഞ്ഞിരിക്കുന്നതായി നാം മനസ്സിലാക്കുന്നു. നാം ഒന്നായി തീരാത്തിടത്തോളം കാലം, നാം തന്നെ പരസ്പരം പോരാടിക്കൊണ്ടിരിക്കുന്നിടത്തോളം കാലം, നാം പല വിഭാഗങ്ങളായി പിരിഞ്ഞുകൊണ്ടിരിക്കുന്നിടത്തോളം കാലം നമുക്കെന്താണ് പ്രതീക്ഷിക്കുവാനുള്ളത്? നമ്മുടെ തന്നെ തെറ്റുമൂലം, സാത്താന് നാം പച്ച ലൈറ്റ് തെളിച്ചുകൊടുത്തിരിക്കുന്നു. ഇടവും നല്കിയിരിക്കുന്നു. കയറിവരുവാൻ! (എന്നിട്ട് ഒരു അടികാണാത്ത ഗർത്തം സൃഷ്ടിക്കാൻ) നമുക്കും നമ്മുടെ സഹോദരങ്ങൾക്കുമിടയിൽ,! ശത്രുതയുടെ പാത തുറന്നിടുവാൻ! അവന് നല്കിയ ഇടം ഒരു വലിയ പാതയായി തീർന്നിരിക്കുന്നു. അതൊരു അഗാധഗർത്തമായി രൂപാന്തരപ്പെട്ടിരിക്കുന്നു.

ആയതിനാൽ, ഈ, ഈദുർഫിത്ർ ദിനത്തിൽ, എന്റെ ക്ഷണം ഒന്നുകൂടി ഉറപ്പിച്ച് തറപ്പിച്ച് ക്ഷണിക്കുകയാണ്, ഇതേ ക്ഷണം തന്നെയാണ് ഞാൻ എല്ലായ്പ്പോഴും നടത്താറുള്ളതും, നമുക്ക് നമ്മുടെ അഭിപ്രായ ഭിന്നതകൾ മാറ്റിവെയ്ക്കാം, മറക്കാം, നമുക്ക് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ബാനറിൻ കീഴിൽ അണിനിരക്കാം. ഞാനെന്റെ ലോകമെങ്ങുമുള്ള മുസ്ലിം സഹോദരീ സഹോദരന്മാരോടും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളോടും ഞാൻ ഉപദേശിക്കുകയാണ്, ഒരു വ്യക്തിയുടെ യഥാർത്ഥ ഈദ് മറ്റുള്ളവരുടെ സന്തോഷങ്ങളിലും സന്താപങ്ങളിലും പങ്കുചേരുന്നതിലൂടെയാണ്, ഒരുവന്റെ യഥാർത്ഥ ഈദ് അവന് അനുഭവിക്കുവാൻ കഴിയുക എന്നതാണ്. മറ്റുള്ളവരുടെ പ്രയാസങ്ങളിൽ പങ്കു ചേർന്ന് അവർക്ക് നല്കുന്ന ആശ്വാസമാണ് യഥാർത്ഥ ഈദ്! അവരെ സഹായിക്കുന്നതിലൂടെയാണ് യഥാർത്ഥ ഈദ് അനുഭവപ്പെടുക. അവരെ പിന്താങ്ങുന്നതിലൂടെയാണ് യഥാർത്ഥ ഈദ് അനുഭവിച്ചറിയുക.

നമുക്കെല്ലാപേർക്കും അല്ലാഹു(ത) ഈദ് മുബാറക് പ്രദാനം ചെയ്യട്ടെ! എല്ലാസമയത്തും ഈദ് മുബാറക് നല്കട്ടെ! ജീവിത്തിലൂടനീളം ഈദ് മുബാറക് നല്കട്ടെ! ആമീൻ

## DIVINE REVELATIONS /ദൈവീക വെളിപാടുകൾ

### 2020 മെയ്മാസം 23-ാംതീയതി ശനിയാഴ്ച സുഹ്ർ നമസ്ക്കാരാന്തരം ലഭിച്ച സന്ദേശം

യാ! അല്ലാഹ്! നിന്നെ അവിശ്വസിച്ചവരുടെമേൽ, വിശ്വസിച്ച വർക്ക് മേൽക്കൈ നല്കി അനുഗ്രഹിക്കേണമെ! ഈ ലോകത്തും! പരലോകത്തും! അപ്രകാരം മേൽക്കൈ നല്കിയവരോടൊപ്പം നീ ഞങ്ങളെ ചേർക്കേണമെ!

### 2020 മെയ്മാസം 24-ാംതീയതി തഹജ്ജുദ് നമസ്ക്കാരാനന്തരം ലഭിച്ച സന്ദേശം

"എല്ലാ അധികാരങ്ങളും അല്ലാഹുവിന്റെ കരങ്ങളിലാണ് ".


"മാർഗദർശനം നല്കുന്നവനും കരുണാവാരിധി ആയവനും നീ മാത്രമാണ് "

"നിന്റെ രക്ഷിതാവിൽ നിന്നുള്ള ഒരുയർത്തലാണിത് "

### ഈദുൽ ഫിത്ർ നമസ്ക്കാരത്തിനു മുൻപ് ലഭിച്ചത്

"യാ! അല്ലാഹ്! എന്ത് തിന്മകളാണ് ലോകത്തിൽ ഇപ്പോൾ നില വിലില്ലാത്തത്? അഹംഭാവം, അജ്ഞത, അലസത, അസൂയ, ശത്രുത, മറ്റുള്ളവരെപറ്റിയുള്ള ദുഷ്ചിന്തകൾ, കളവ്, വാഗ്ദാനലംഘ നം, നേരമ്പോക്ക് പറയൽ, ഇവയൊന്നും എന്നിൽ ഒരാൾക്കും കണ്ടെത്തുവാൻ കഴിയരുതെ! എന്നിലുള്ള എല്ലാ രോഗങ്ങൾക്കും നീ ശമനൗഷധം നല്കേണമെ! എല്ലാ രോഗങ്ങൾക്കുമുള്ള ശമ നൗഷധമായ ഭിഷഗ്വരൻ നീ തന്നെയാണ്."

അല്ലാഹുവിനെ വാഴ്ത്തുന്നു. അവൻ തെരഞ്ഞെടുത്ത അവന്റെ ദാസന്മാരുടെ മേൽ സമാധാനം വർഷിക്കട്ടെ!



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***